# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ - അനിൽ. ജി, PEN-487185)**

വിഷയം : പി.വി.വി – എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം 2019-20- മെഡിക്കൽ /എഞ്ചിനീയറിംഗ് വിഭാഗത്തിൽ അഡീഷണൽ ഗുണഭോക്തൃ പട്ടികയുടെ കരട് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ.(സാധാ) നമ്പർ 70/2013/പിവിവിവ തീയതി 16.08.2013
2) സ.ഉ.(സാധാ) നമ്പർ 49/2019/പിവിവിവ തീയതി 30.05.2019
3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2019 തീയതിയിലെ BCDIR/A1/363/2019 നമ്പർ വിജ്ഞാപനം
4) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.11.2019 തീയതിയിലെ BCDIR/A1/363/2019 നമ്പർ ഉത്തരവ്
5) ഈ ഓഫീസിലെ 26.11.2019, 28.11.2019,30.11.2019, 04.12.2019 തീയതികളില BCDDEKM/50/2019-A1(1)(2)(3) നമ്പർ ഉത്തരവുകൾ
6) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.12.2019, 13.12.2019, 16.12.2019, 17.12.2019 ലെ DDKKD/A2/160/2019 നമ്പർ കത്തുകൾ.
7) ഈ ഓഫീസിലെ 23.12.2019, 24.12.2019 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
8) ഈ ഓഫീസിലെ 31.12.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
9) ഈ ഓഫീസിലെ 18.01.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
10) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡറക്ടറുടെ 21.01.2020 തീയതിയിലെ BCDIR/363/2019-A1 നമ്പർ ഉത്തരവ്
11) ഈ ഓഫീസിലെ 24.01.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
12) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 25.02.2020 ലെ BCDIR/363/2019 A1 നമ്പർ ഉത്തരവ്.
13) ഈ ഓഫീസിലെ 28.02.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
14) പിന്നാക്ക വിഭാഗ വികസന വകുപ്പ് കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നുള്ള 28.02.2020 ലെ ഇ-മെയിൽ സന്ദേശം.

---

**ബിസിഡിഇകെഎം/50/2019-എ1** **തിയതി 29.02.2020**

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന മത്സര പരീക്ഷാ പരിശീലന പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമിന് 2019 -20 വർഷത്തെ അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 3,76,30,000/- രൂപ, ബാങ്കിംഗ് പരിശീലനത്തിന് 20 ലക്ഷം രൂപ, സിവിൽ സർവ്വീസ് പരിശീലനത്തിന് 25ലക്ഷം രൂപ, GATE/MAT പരിശീലനത്തിന് 16,25,000/- രൂപ, UGC/NET/JRF/ പരിശീലനത്തിന് 11,25,000/- രൂപ എന്നിങ്ങനെ പരിധി നിശ്ചയിച്ചും,

പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം(4) പ്രകാരം ഉത്തരവായിരുന്നു.

എറണാകുളം,കോഴിക്കോട് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും, അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അന്തിമ പട്ടികയും, വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ പ്രത്യേക പരിഗണന അർഹിക്കുന്ന ഗുണഭോക്താക്കളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി അന്തിമ പട്ടിക പരാമർശം (8) പ്രകാരം പ്രസിദ്ധീകരിക്കുകയും, മെഡിക്കൽ/ എഞ്ചിനിയറിംഗ് മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പരാമർശം (9) പ്രകാരവും വെയിറ്റിംഗ് ലിസ്റ്റിൽ 347-)o ക്രമനമ്പർ വരെയുള്ള ഗുണഭോക്താക്കൾക്ക് പരാമർശം (11) പ്രകാരവും തുക അനുവദിച്ചിരുന്നു.

ടി പദ്ധതിയിലേയ്ക്കുള്ള അപേക്ഷകരുടെ ബാഹുല്യവും,ഇതരഘടകങ്ങളിലെ അപേക്ഷകരുടെ കുറവും കണക്കിലെടുത്ത് എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട 2225-03-277-90 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 1,35,86,641/- ലക്ഷം രൂപ (ഒരുകോടി മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്താറായിരത്തി അറുനൂറ്റി നാൽപ്പത്തിയൊന്ന് രൂപ മാത്രം) കൂടി മെഡിക്കൽ /എഞ്ചിനീയറിംഗ് മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായ വിഭാഗത്തിലെ അപേക്ഷകർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (12) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ മെഡിക്കൽ /എഞ്ചിനിയറിംഗ് വിഭാഗത്തിൽ വെയ്റ്റിങ് ലിസ്റ്റിൽ ഉൾപ്പെട്ട 76 ഗുണഭോക്താക്കൾക്ക് (ക്രമനമ്പർ 348 മുതൽ 423 വരെ) ആകെ 22,42,200/- രൂപ (ഇരുപത്തി രണ്ടുലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി ഇരുനൂറ് രൂപ മാത്രം) പരാമർശം (13) പ്രകാരം അനുവദിച്ചിരുന്നു. ശേഷിക്കുന്ന തുക 1,13,44,441/- രൂപ (ഒരു കോടി പതിമൂന്ന് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി നാനൂറ്റി നാൽപ്പത്തിയൊന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (3) വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ / എഞ്ചിനീയറിംഗ് വിഭാഗത്തിൽ താത്ക്കാലികമായി അർഹത നേടിയ ഗുണഭോക്താക്കളുടെ അഡീഷണൽ കരട് പട്ടികയും ഈ വിഭാഗത്തിലെ കരട് വെയ്റ്റിംഗ് ലിസ്റ്റും ചുവടെ രേഖപ്പെടുത്തും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു.

| ഇനം | താത്ക്കാലിക ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം | താത്ക്കാലിക വെയ്റ്റിംഗ് പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം | തുക |
|---|---|---|---|
| മെഡിക്കൽ / എഞ്ചിനീയറിംഗ് പരിശീലനം | 397 | 53 | 1,13,26,152/- |

പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർ അസ്സൽ രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസുകളിൽ 05.03.2020 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ബന്ധപ്പെടേണ്ടതാണ്. ഈ സമയ പരിധിക്ക് ശേഷം വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. താത്ക്കാലിക പട്ടികയ്ക്ക് ശേഷം 06.03.2020 ൽ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. അതിനു ശേഷം മെയിൻ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് ബിൽ ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻഫർ ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കോഴിക്കോട്

പകർപ്പ് :

1) ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് – തിരുവനന്തപുരം
2) (ഉപരിപത്രം സഹിതം അറിവിലേക്കായി)
3) അക്കൌണ്ടന്റ് ജനറൽ എ&ഇ,കേരളം (ഉപരിപത്രം സഹിതം അറിവിലേയ്ക്കായി)
4) ജില്ലാ ട്രഷറി ആഫീസർ, എറണാകുളം
5) ഐ.ടി ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
6) എ1 സീറ്റ് (ബിൽ മാറി തുക ക്രെഡിറ്റ് ചെയ്യുന്നതിന്)
7) നോട്ടീസ് ബോർഡ്
8) കരുതൽ/അധികം

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്